"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം ,
CIN : U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in
ഫോൺ (ഓഫീസ്): 0471 2514554 ഇമെയിൽ : safety@kseb.in

സംഗ്രഹം

പോത്താനിക്കാട് ഇലക്ട്രിക്കൽ സെക്ഷനിലെ കരാർ ജീവനക്കാരൻ ശ്രീ K.V.ബേബി 21. 03. 2018 - നുണ്ടായ വൈദ്യുത അപകടത്തെ തുടർന്ന് മരണപ്പെട്ടതു സംബന്ധിച്ച് .- അന്വേഷണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫീസ് (എസ് ബി യു - ജി /ഇ)

ഓഫീസ് ഉത്തരവ്(സി. എം. ഡി) നം :72/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018/207) തിരുവനന്തപുരം തീയതി :18.7.2018.

പരാമർശം : ചീഫ് സേഫ്റ്റി കമ്മീഷണറുടെ 10.05.2018 - ലെ CSC/safety/ Acc. Report/2018-19/ 207 നമ്പർ കുറിപ്പ്

ഉത്തരവ്

21.03.2018 നു പോത്താനിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഉണ്ടായ വൈദ്യുത അപകടത്തെ തുടർന്ന് കരാർ ജീവനക്കാരനായ ശ്രീ K.V.ബേബി മരണപ്പെട്ടതിനെപ്പറ്റി സേഫ്റ്റി കോർഡിനേറ്റർ, പെരുമ്പാവൂർ സർക്കിൾ, സ്ഥലം സന്ദർശിച്ച് നൽകിയ റിപ്പോർട്ടിന്റെയും സേഫ്റ്റി ഓഫീസർ, മൂവാറ്റുപുഴ ഇലക്ട്രിക്കൽ സബ് ഡിവിഷൻ നൽകിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ശ്രീ ബേബി മരണപ്പെട്ടത് സുരക്ഷ പരിപാലനത്തിൽ വന്ന വീഴ്ചയും ഒപ്പം പ്രകൃതി ക്ഷോഭം ഉണ്ടായപ്പോൾ സുരക്ഷ പരിപാലനത്തിന് പ്രാധാന്യം നൽകാതെ വൈദ്യുതി പുനഃസ്ഥാപിക്കാൻ ശ്രമിച്ചതു മൂലവുമാണെന്ന് മനസ്സിലാക്കുന്നു.

ഈ അപകടവുമായി ബന്ധപ്പെട്ട് താഴെ പറയുന്നസുരക്ഷാ പാളിച്ചകൾ ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. ഈ വർക്ക് സൂപ്പർവൈസ് ചെയ്യാനായി ആരും തന്നെ ജോലി സ്ഥലത്ത് ഉണ്ടായിരുന്നില്ല
2. പ്രധാനമായി ചെയ്യേണ്ട " Work site protective earthing" ചെയ്തതായി കാണുന്നില്ല.
3. വൈദ്യുതിലൈൻ ഓഫ് ചെയ്ത ശേഷം വൈദ്യുതബന്ധം വേർപെട്ടോ എന്ന് കൃത്യമായി പരിശോധിക്കാതെയും, ലൈനിൽ സ്പർശിക്കും മുൻപ് സുരക്ഷയുടെ ആദ്യഭാഗമായി ചെയ്യേണ്ടതായ ലൈൻ ഡിസ്ചാർജിംഗ് ചെയ്യാതെയും പോസ്റ്റിൽ കയറിയതാണ് അപകട കാരണം.
4. പോസ്റ്റിൽ കയറി ജോലി ചെയ്യുമ്പോൾ സേഫ്റ്റി ബെൽറ്റ് ഉപയോഗിക്കുന്നതിനായി വ്യക്തമായ ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. ഇവിടെ സേഫ്റ്റി ബെൽറ്റ് ഉപയോഗിച്ചിട്ടില്ല എന്നത് വ്യക്തമാണ്. സേഫ്റ്റി ഷൂസ്, ഗ്ലൗസ്സ്, എർത്ത് റോഡ് മുതലായ സുരക്ഷാ ഉപകരണങ്ങളും ഉപയോഗിച്ചിരുന്നില്ല.
5. ഒരു ഉപഭോക്താവിന്റെ മാത്രം വൈദ്യുതബന്ധം പുനസ്ഥാപിക്കാനുള്ള ജോലിയാണ് ചെയ്തിരുന്നത്. സൂപ്പർവൈസ് ചെയ്യാൻ ആളില്ലാതെ ധൃതിയിൽ ചെയ്യേണ്ട കാര്യം ഉണ്ടായിരുന്നില്ല എന്ന് സേഫ്റ്റി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

"ഭരണഭാഷ - മാതൃഭാഷ"

CEA റെഗുലേഷൻ 2011 വകുപ്പ് 2 പ്രകാരം കരാർ ജീവനക്കാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരുടെയും സുരക്ഷ ഉറപ്പു വരുത്തേണ്ടത് സ്ഥാപനത്തിന്റെ കടമയാണ്. കരാർ ജീവനക്കാരെ കൊണ്ട് സുരക്ഷിതമായി ജോലി ചെയ്യിക്കുന്നതിൽ ബോർഡ് ഉദ്യോഗസ്ഥർക്ക് ഉണ്ടായ വീഴ്ചയാണ് ഈ അപകടം ഉണ്ടാകാനുള്ള കാരണം. കൃത്യമായ സൂപ്പർവിഷൻ ഇല്ലാതെ ജോലി ചെയ്തതു മൂലവും അവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാത്തത് മൂലവുമാണ് ശ്രീ. ബേബിക്ക് മരണം സംഭവിച്ചത്.

മേൽ സാഹചര്യത്തിൽ ഈ അപകടമരണം സംബന്ധിച്ചും അപകടത്തിലേക്ക് നയിച്ച കാരണങ്ങളെ കുറിച്ചും എക്സിക്യൂട്ടീവ് എഞ്ചിനിയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സമഗ്രമായ അന്വേഷണം നടത്തണമെന്നും ഈ അപകടത്തിനിടയായ സുരക്ഷാ വീഴ്ചയ്ക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നുമുള്ള ചീഫ് സേഫ്റ്റി കമ്മീഷണറുടെ ശുപാർശക്ക് അംഗീകാരം നൽകുന്നു. അന്വേഷണ ഉദ്യോഗസ്ഥനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, P.M.U, ഇലക്ട്രിക്കൽ സർക്കിൾ, പെരുമ്പാവൂർ ശ്രീ. S. B. സുരേഷ് കുമാറിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ് /-
പി. ജി. ഉണ്ണികൃഷ്ണൻ
സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ (സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)